ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) റോഡ് ഫോർമേഷൻ മിക്കവാറും പൂർത്തിയായി. ഏഴ് കലുങ്ക് ഉള്ളതിൽ അഞ്ചെണ്ണത്തിന്റെ പണിപൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പണി തീർക്കാനുണ്ട്.

(എച്ച്) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഐ) കരാറുകാരന് ഇതുവരെ 8,06, 545/- രൂപ നൽകിയിട്ടുണ്ട്.

90 (555) കരമന-കിള്ളിപ്പാലം, ബേക്കറി-പാളയം, പാളയം-സ്റ്റാച്യു റോഡുകളുടെ വീതി കൂട്ടൽ നടപടി

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിലെ കരമന കിള്ളിപ്പാലം, ബേക്കറി-പാളയം, പാളയം-സ്റ്റാച്യു റോഡുകളുടെ വീതി കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മൂന്നു റോഡുകളുടെയും വീതി കൂട്ടുന്ന ജോലി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) റോഡുകളുടെ വീതി കൂട്ടുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി ഒഴിപ്പിക്കപ്പെടുന്ന കച്ചവടക്കാരുടെ പുനരധിവാസം എന്നിവ സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഡി) പ്രസ്തുത റോഡുകളുടെ വീതി കൂട്ടൽ നടപടി എപ്പോൾ പൂർത്തീകരിക്കാനാവുമെന്നും എന്ന് ഗതാഗതത്തിന് തുറന്നുകൊടുക്കാനാവുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം വികസന അതോറിറ്റിയുടെ കീഴിൽ സ്ഥലമെടുപ്പ് ജോലികൾ പുരോഗമിച്ചു വരുന്നു.

(സി) റോഡുകളുടെ വീതി കൂട്ടുന്നതിന് ആവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ കരമന കിള്ളിപ്പാലം റോഡിനെ സംബന്ധിച്ച് അവസാനഘട്ടത്തിലാണ്. ബേക്കറി പാളയം റോഡും പാളയം സ്റ്റാച്യു റോഡും വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. മേൽപ്പറഞ്ഞ മൂന്ന് റോഡു വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഒഴിപ്പിക്കപ്പെടുന്ന കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് കരമനയിലും പാളയത്തും പ്രത്യേകം പുനരധിവാസ പദ്ധതികൾ ട്രിഡ ആവിഷ്ക്കരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരം വികസന അതോറിറ്റി സ്ഥലം ഏറ്റെടുത്തു നൽകുന്ന മുറയ്ക്കും ഫണ്ട് ലഭ്യമാകുന്നതിനനുസരിച്ചും പണി തുടങ്ങുന്നതാണ്.

91 (556) പാലക്കാട്ടു താഴെ പാലം പുതുക്കി പണി

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-മൂന്നാർ റോഡിലെ പാലക്കാട്ടു താഴം പാലം പുതുക്കി പണിയാനുള്ള നടപടി എവിടെവരെയായി;

(ബി) ഇതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ തുക എത്രയാണ്;

(സി) ഇതിന്റെ പണി എന്നേക്കു പൂർത്തിയാക്കും എന്ന് പറയുമോ?

ഉത്തരം

(എ) പാലം പുതുക്കിപ്പണിയുന്നതിനു വേണ്ടി വരുന്ന സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) 180 ലക്ഷം രൂപ.

(സി) നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പണി ഏറ്റെടുത്ത് പൂർത്തിയാക്കുന്നതാണ്.

92 (557) പെരുമ്പാവൂരിൽ മിനി സിവിൽ സ്റ്റേഷൻ

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന മിനി സിവിൽ സ്റ്റേഷന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയോ;

(ബി) എങ്കിൽ അതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) അതിന്റെ പണി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് പറയുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

93 (558) ഹോസ്റ്റലിലെ വൈദ്യുതോപയോഗ നിയന്ത്രണം

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പി.ഡബ്ല്യു.ഡി. പുരുഷ വനിതാ വിഭാഗം ഹോസ്റ്റലുകളിൽ നിന്ന് കെ.എസ്.ഇ.ബി.ക്ക് എത്ര രൂപ നൽകാനുണ്ട്; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly